# നിഖാബ് ധാരിണിയായ മുംബൈ കൗൺസിലർ



**ക**ടുത്ത വർഗീയ-വംശീയ പക്ഷപാതികളായ ശിവസേന, മഹാരാഷ്ട്ര നവനിർമാൺ സേന തുടങ്ങിയ പാർട്ടികളുടെ കൗൺസിലർമാർക്കിടയിൽ മുംബൈ കോർപറേഷനിൽ ഒരു നിഖാബ് ധാരിണിയും. മദൻപുര കോർപറേഷൻ ഡിവിഷനിൽ നിന്നുള്ള കോൺഗ്രസ് പ്രതിനിധിയായ അഫ്രീൻ ഫയ്യാസ് ആണ് ഈ ഒറ്റയാൾ പട്ടാളം.

പാർസി കുടുംബത്തിൽ ജനിച്ച അഫീൻ 18-ാംവയസ്സിൽ ഇസ്‌ലാം സ്വീകരിക്കുകയായിരുന്നു. മുൻ എം.എൽ.എ ഫയ്യാസ് അഹ്‌മദാണ് ഭർത്താവ്.

മുഖം മൂടുന്ന പർദ ധരിച്ച അഫ്രീൻ ജനസേവന രംഗത്ത് നിറസാന്നിധ്യമാണ്. 'ഹിജാബ് എനിക്ക് അലങ്കാരമാണ്'- അഫ്രീൻ പറയുന്നു. 'തുടക്കത്തിൽ സഹപ്രവർത്തകരുടെ സഹകരണം കുറവായിരുന്നെങ്കിലും മൂന്ന് വർഷം പിന്നിടുമ്പോൾ എല്ലാവർക്കും എന്നോട് വലിയ ബഹുമാനമാണ്. ഉർദുവിന് പുറമെ മറാത്തിയും ഗുജറാത്തിയും ഇംഗ്ലീഷും ഹിന്ദിയും നന്നായി സംസാരിക്കാൻ കഴിയുന്നത് മുംബൈയിലെ പ്രവർത്തനങ്ങൾക്ക് സൗകര്യപ്രദമാണ്.' ശുദ്ധജലവിതരണം, റോഡ്, അഴുക്കുചാൽ എന്നിവയാണ് തന്റെ പ്രധാനപ്പെട്ട അജണ്ടകൾ എന്ന് പറയുന്ന അഫ്രീൻ തന്റെ വാർഡിലെ ഭൂരിപക്ഷം വരുന്ന ന്യൂനപക്ഷ സമുദായാംഗങ്ങൾക്ക് വിദ്യാഭ്യാസ-തൊഴിൽ സഹായ-ബോധവത്കരണ പ്രവർത്തനങ്ങൾക്ക് പ്രത്യേകം സമയം കണ്ടെത്തുന്നുണ്ട്. സ്ത്രീകളുടെ പോസ്റ്റ്മോർട്ടം നടത്തുന്നതിന് ലേഡീ ഡോക്ടറും വനിതാ ജീവനക്കാരിയും വേണമെന്ന് നിയമമാക്കിയത് അഫ്രീന്റെ പരിശ്രമം കൊണ്ടായിരുന്നു. ■

# നിയമസഭാ തെരഞ്ഞെടുപ്പുകളിലെ മുസ്‌ലിം പ്രാതിനിധ്യം

**ബം**ഗാള്‍, ആസാം, കേരളം, തമിഴ്‌നാട്, പുതുച്ചേരി നിയമസഭകളിലേക്കുള്ള തെരഞ്ഞെടുപ്പ് ഫലം പുറത്തുവന്നപ്പോള്‍ മുസ്‌ലിം പ്രാതിനിധ്യത്തില്‍ ആശാവഹമായ പുരോഗതി. 2006-ലെ തെരഞ്ഞെടുപ്പില്‍ ഈ അഞ്ച് സംസ്ഥാനങ്ങളില്‍നിന്നായി 105 മുസ്‌ലിം എം.എല്‍.എമാര്‍ ഉണ്ടായിരുന്നത് 2011-ല്‍ 130 ആയി വര്‍ധിച്ചു. വിശദാംശങ്ങള്‍ ചുവടെ:

| മുസ്‌ലിം പ്രാതിനിധ്യം | | | |
|---|---|---|---|
| സംസ്ഥാനം | ആകെ സീറ്റുകള്‍ | 2006 | 2011 |
| ബംഗാള്‍ | 294 | 46 | 59 |
| കേരളം | 140 | 25 | 36 |
| ആസാം | 126 | 25 | 28 |
| തമിഴ്‌നാട് | 234 | 7 | 6 |
| പുതുച്ചേരി | 30 | 2 | 1 |
| ആകെ | | 105 | 130 |

പശ്ചിമബംഗാളിലാണ് ഇത്തവണ ഗണ്യമായ തോതില്‍ മുസ്‌ലിം എം.എല്‍.എമാര്‍ വര്‍ധിച്ചിരിക്കുന്നത്. സച്ചാര്‍ സമിതി റിപ്പോര്‍ട്ടിന്റെ വെളിച്ചത്തില്‍ കുറഞ്ഞ മുസ്‌ലിം പ്രാതിനിധ്യത്തെക്കുറിച്ച ചര്‍ച്ച ദേശീയതലത്തില്‍ സജീവമായത് കാരണം മിക്ക പാര്‍ട്ടികളും മുസ്‌ലിം സ്ഥാനാര്‍ഥികളുടെ എണ്ണം കൂട്ടിയിരുന്നു. മിന്നുന്ന ജയം നേടിയ തൃണമൂല്‍ കോണ്‍ഗ്രസില്‍ നിന്ന് തന്നെയാണ് കൂടുതല്‍ മുസ്‌ലിം എം.എല്‍.എമാര്‍- 25. കോണ്‍ഗ്രസ് 15, സി.പി.എം 8, സി.പി.ഐ 5, ആര്‍.എസ്.പി 2, ഫോര്‍വേര്‍ഡ് ബ്ലോക്ക് 2, സമാജ് വാദി പാര്‍ട്ടി 1, സ്വതന്ത്രന്‍ 1 എന്നിങ്ങനെയാണ് മറ്റു പാര്‍ട്ടികളിലെ പ്രാതിനിധ്യം.

കേരളത്തില്‍ ഇത്തവണ നിയമസഭയിലെത്തിയ 36 മുസ്‌ലിം പ്രതിനിധികളില്‍ 20 പേരും മുസ്‌ലിം ലീഗില്‍ നിന്നാണ്. കോണ്‍ഗ്രസ് 7, സി.പി.എം 6, സി.പി.എം സ്വതന്ത്രര്‍ 2, ആര്‍.എസ്.പി 1 എന്നിങ്ങനെയാണ് മറ്റുള്ളവര്‍.

ആസാമില്‍ തെരഞ്ഞെടുക്കപ്പെട്ട 28 മുസ്‌ലിം എം.എല്‍.എമാരില്‍ 16 പേരും എ.ഐ.യു.ഡി.എഫുകാരാണ്. കോണ്‍ഗ്രസ് 10, എ.ജി.പി 1, സ്വതന്ത്രന്‍ 1 എന്നിങ്ങനെയാണ് ബാക്കിയുള്ളവരുടെ കണക്ക്.

തമിഴ്‌നാട്ടില്‍ ഇത്തവണ മുസ്‌ലിം എം.എല്‍.എമാര്‍ ആറായി ചുരുങ്ങി. 3 പേര്‍ എ.ഐ.യു.ഡി.എം.കെയില്‍നിന്ന്. ജയലളിതയുടെ സഖ്യകക്ഷിയായ എം.എം.കെയെ പ്രതിനിധീകരിച്ച് 2 പേര്‍. ഡി.എം.കെയില്‍ നിന്ന് ഒരാളും. പുതുച്ചേരി നിയമസഭയിലെ ഏക മുസ്‌ലിം പ്രതിനിധി ഡി.എം.കെക്കാരനാണ്.

# ആസാമിലെ മുസ്‌ലിം സാമാജികര്‍ വിദ്യാസമ്പന്നര്‍



**ആ**സാമിലെ മുസ്‌ലിം സാമാജികരില്‍ അധികപേരും ഉയര്‍ന്ന വിദ്യാഭ്യാസ യോഗ്യതകള്‍ നേടിയവര്‍. ആകെയുള്ള 28 പേരില്‍ 12 പേര്‍ ബിരുദാനന്തര ബിരുദധാരികളും 10 പേര്‍ ബിരുദധാരികളുമാണ്. ബാക്കിയുള്ളവരില്‍ 20 പേര്‍ പ്ലസ്ടുക്കാരും, മൂന്ന് പേര്‍ എസ്.എസ്.എല്‍.സിക്കാരും ഒരാള്‍ അഞ്ചാംതരവും. ആസാമിലെ പരമ്പരാഗത മുസ്‌ലിം നേതൃത്വത്തിന്റെ ശൈലിയില്‍ നിന്ന് ഏറെ ഭിന്നമാണ് ഇക്കുറി തെരഞ്ഞെടുക്കപ്പെട്ടവരുടെ വ്യക്തിവിശേഷങ്ങള്‍.

എ.ഐ.യു.ഡി.എഫിലെ ഹാഫിസ് ബഷീര്‍ അഹ്മദ് ഖാസിമി ഗുവാഹതി സര്‍വകലാശാലയില്‍ നിന്ന് എം.എക്ക് സ്വര്‍ണ മെഡല്‍ കരസ്ഥമാക്കിയ ആളാണ്. ബിലാസി ഹര വെസ്റ്റ് മണ്ഡലത്തില്‍ നിന്നാണ് അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടത്. ബിലാസി ഹര- ഈസ്റ്റിനെ പ്രതിനിധീകരിക്കുന്ന എ.ഐ.യു.ഡി.എഫിന്റെ വനിതാ എം.എല്‍.എ ആയ ഗുല്‍ അക്താര ബീഗം ഗണിതശാസ്ത്രത്തില്‍ ബിരുദാനന്തര ബിരുദധാരിയും കോളേജ് അധ്യാപികയുമാണ്. ഗോല്‍പാര എം.എല്‍.എ മുനവ്വര്‍ ഹുസൈന്‍ (എ.ഐ.യു.ഡി.എഫ്) എം.എ, എല്‍.എല്‍.ബിക്കാരനും ബാര്‍ അസോസിയേഷന്‍ പ്രസിഡന്റുമാണ്. ജാനിയ എം.എല്‍.എ റഫീഖുല്‍ ഇസ്‌ലാം (എ.ഐ.യു.ഡി.എഫ്) ഗുവാഹതി സര്‍വകലാശാലയില്‍ നിന്ന് അറബിക്കില്‍ സ്വര്‍ണ മെഡല്‍ കരസ്ഥമാക്കിയിട്ടുണ്ട്. ദയൂബന്ദ് ബിരുദധാരി കൂടിയായ റഫീഖുല്‍ ഇസ്‌ലാം ഗവേഷക വിദ്യാര്‍ഥിയുമാണ്. എ.ഐ.യു.ഡി.എഫ് പ്രസിഡന്റ് ബദ്‌റുദ്ദീന്‍ അജ്മലിന്റെ മകന്‍ അബ്ദുര്‍റഹ്മാന്‍ അജ്മല്‍ സഭയിലെ 'ബേബി'യും ജാമിഅ മില്ലിയ്യയില്‍ നിന്ന് ഇസ്‌ലാമിക നിയമത്തില്‍ എം.എ ബിരുദധാരിയുമാണ്.